**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3109

18.06.2019 -ൽ മറുപടിയ്ക്ക്

## കായംകുളം താലൂക്ക് രൂപീകരിക്കുന്നതിന് നടപടി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീമതി യു. പ്രതിഭ : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി) |
| (എ) കായംകുളം കേന്ദ്രമാക്കി ഒരു താലൂക്ക് എന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ വിഷയത്തിൽ സർക്കാരിന്റെ അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകുമോ; വിശദമാക്കുമോ? | (ബി) സംസ്ഥാനത്ത് പുതിയ താലൂക്കുകളുടെ രൂപീകരണവും അതിർത്തി പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരുടെ റിപ്പോർട്ട് ലഭ്യമായിട്ടുള്ളതും അതിന്റെ അടിസ്ഥാനത്തിൽ താലൂക്ക് പുന:സംഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ലാന്റ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽ ഒരു ടീമിനെ നിയോഗിച്ചിട്ടുള്ളതുമാണ്. ടീമിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ Kerala State Remote Sensing & Enviornment Centre എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള data ലഭ്യമാക്കുന്നതിനുള്ള നടപടികളും, അത് കൂടാതെ എല്ലാ ജില്ലകളിൽ നിന്നും എല്ലാ വില്ലേജുകളുടെയും, സർക്കാർ ഭൂമിയുടെയും, ഭൂമി ഉടമകളുടെയും, കൈവശത്തിലുള്ള ഭൂമിയുടെ വിസ്തീർണ്ണം, ആകെയുള്ള ഭൂഉടമകളുടെ എണ്ണം, വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്ന ലൊക്കേഷന്റെ പേര്, വില്ലേജിൽ ഉൾപ്പെടുന്ന താലൂക്ക്, സ്വയം ഭരണ സ്ഥാപനങ്ങളുടെ പേര്, പോളിംഗ് ബൂത്തുകളുടെയും ആകെയുള്ള വോട്ടർമാരുടെയും, 2011 ലെ ജനസംഖ്യാ നിരക്കും എന്നീ വിവരങ്ങളും ക്രോഡീകരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത വിവരങ്ങളും സ്കെച്ചും ഡിജിറ്റലൈസ് ചെയ്തു കഴിഞ്ഞാൽ പഠന റിപ്പോർട്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാകുന്നതാണ്. അതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**